## അധ്യായം 43

# അസ്സുഖ്റുഫ് (സുവർണാലങ്കാരം)

അവതരണം മക്കയിൽ, വചനങ്ങൾ 89

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

حمٓ ﴿١﴾ وَٱلۡكِتَٰبِ ٱلۡمُبِينِ ﴿٢﴾ إِنَّا جَعَلۡنَٰهُ قُرۡءَٰنًا عَرَبِيّٗا لَّعَلَّكُمۡ تَعۡقِلُونَ
﴿٣﴾ وَإِنَّهُۥ فِيٓ أُمِّ ٱلۡكِتَٰبِ لَدَيۡنَا لَعَلِيٌّ حَكِيمٌ ﴿٤﴾ أَفَنَضۡرِبُ
عَنكُمُ ٱلذِّكۡرَ صَفۡحًا أَن كُنتُمۡ قَوۡمٗا مُّسۡرِفِينَ ﴿٥﴾

1. ഹാ-മീം

2. സുവ്യക്തമായ വേദഗ്രന്ഥം തന്നെയാണ് സത്യം.

3. തീർച്ചയായും നാം ഇതിനെ അറബി ഭാഷയിലുള്ള ഖുർആൻ ആക്കിയിരിക്കുന്നു; നിങ്ങൾ ബുദ്ധി ഉപയോഗിക്കുന്നതിനുവേണ്ടി.

4. തീർച്ചയായും ഇത് മൂലഗ്രന്ഥത്തിൽ ഉള്ളതത്രെ. (അത്) നമ്മുടെയടുത്ത് ഉന്നതവും വിജ്ഞന പൂർണവും ആകുന്നു.

5. നിങ്ങൾ അതിരുവിട്ട ജനമായതിനാൽ (നിങ്ങളെ)ഒഴിവാക്കിക്കൊണ്ട് (ഈ) സന്ദേശത്തെ നിങ്ങളിൽനിന്നും നിശ്ശേഷമായി നാം മറ്റിക്കളയുകയോ?

وَكَمۡ أَرۡسَلۡنَا مِن نَّبِيّٖ فِي ٱلۡأَوَّلِينَ ﴿٦﴾ وَمَا يَأۡتِيهِم مِّن
نَّبِيٍّ إِلَّا كَانُواْ بِهِۦ يَسۡتَهۡزِءُونَ ﴿٧﴾ فَأَهۡلَكۡنَآ أَشَدَّ مِنۡهُم بَطۡشٗا
وَمَضَىٰ مَثَلُ ٱلۡأَوَّلِينَ ﴿٨﴾ وَلَئِن سَأَلۡتَهُم مَّنۡ خَلَقَ ٱلسَّمَٰوَٰتِ
وَٱلۡأَرۡضَ لَيَقُولُنَّ خَلَقَهُنَّ ٱلۡعَزِيزُ ٱلۡعَلِيمُ ﴿٩﴾ ٱلَّذِي جَعَلَ لَكُمُ ٱلۡأَرۡضَ
مَهۡدٗا وَجَعَلَ لَكُمۡ فِيهَا سُبُلٗا لَّعَلَّكُمۡ تَهۡتَدُونَ ﴿١٠﴾ وَٱلَّذِي نَزَّلَ
مِنَ ٱلسَّمَآءِ مَآءَۢ بِقَدَرٖ فَأَنشَرۡنَا بِهِۦ بَلۡدَةٗ مَّيۡتٗاۚ كَذَٰلِكَ تُخۡرَجُونَ ﴿١١﴾

6. പൂർവ സമുദായങ്ങളിൽ നാം എത്രയോ പ്രവാചകന്മാരെ അയച്ചിട്ടുണ്ട്.

7. ഏതൊരു പ്രവാചകൻ അവരിലേക്ക് വന്നെത്തിയാലും അവർ അദ്ദേഹത്തെ പരിഹസിക്കാതിരുന്നിട്ടില്ല.

8. അതിനാൽ ഇവരെക്കാൾ ശക്തിയിൽ ഏറെക്കടുത്ത അവരെ നാം നശിപ്പിച്ചു; പൂർവികരുടെ (ഈ) മാതൃക കഴിഞ്ഞുപോയിട്ടുണ്ട്.

9. ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതാരെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും: ''പ്രതാപിയും സർവജ്ഞനുമായവനാണ് അവയെ സൃഷ്ടിച്ചത് എന്ന്.''

10. നിങ്ങൾക്കായി ഭൂമിയെ ഒരു തൊട്ടിലാക്കിത്തരുകയും, അതിൽ നിങ്ങൾക്ക് പാതകളുണ്ടാക്കുകയും ചെയ്തവൻ; നിങ്ങൾ നേർവഴി പ്രാപിക്കുന്നതിനു വേണ്ടി.

11. ആകാശത്തുനിന്ന് ഒരു തോതനുസരിച്ച് വെള്ളം വർഷിച്ചുതരുകയും ചെയ്തവൻ. അങ്ങനെ അതുമൂലം നിർജീവമായ രാജ്യത്തെ നാം പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം (ശവക്കുഴികളിൽനിന്നും വീണ്ടും)നിങ്ങൾ പുറപ്പെടുവിക്കപ്പെടും.

وَٱلَّذِى خَلَقَ ٱلْأَزْوَٰجَ كُلَّهَا وَجَعَلَ لَكُم مِّنَ ٱلْفُلْكِ وَٱلْأَنْعَـٰمِ مَا تَرْكَبُونَ
﴿١٢﴾ لِتَسْتَوُۥا۟ عَلَىٰ ظُهُورِهِۦ ثُمَّ تَذْكُرُوا۟ نِعْمَةَ رَبِّكُمْ إِذَا ٱسْتَوَيْتُمْ عَلَيْهِ
وَتَقُولُوا۟ سُبْحَـٰنَ ٱلَّذِى سَخَّرَ لَنَا هَـٰذَا وَمَا كُنَّا لَهُۥ مُقْرِنِينَ ﴿١٣﴾ وَإِنَّآ إِلَىٰ
رَبِّنَا لَمُنقَلِبُونَ ﴿١٤﴾

12. എല്ലാറ്റിനെയും ഇണകളായി സൃഷ്ടിക്കുകയും നിങ്ങൾ കയറിപ്പോകുന്ന (വാഹനങ്ങൾ)കപ്പലുകളും കന്നുകാലികളും നിങ്ങൾക്ക് ഏർപ്പെടുത്തിത്തരികയും ചെയ്തവൻ.

13. അവയുടെ പുറത്ത് നിങ്ങൾ ഇരിപ്പുറപ്പിക്കുവാനും എന്നിട്ട് അതിൻെറ പുറത്ത് നിങ്ങൾ ഇരിക്കവേ, നിങ്ങളുടെ രക്ഷിതാവിൻെറ അനുഗ്രഹത്തെ നിങ്ങൾ സ്മരിക്കുവാനും, നിങ്ങൾ ഇപ്രകാരം പറയുവാനും വേണ്ടി: ഇതിനെ ഞങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്നവൻ എത്ര പരിശുദ്ധൻ! (അവൻെറ അനുഗ്രഹമില്ലായിരുന്നുവെങ്കിൽ) ഞങ്ങൾക്കതിനെ ഇണക്കുവാൻ കഴിയുമായിരുന്നില്ല.

14. ''തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിൻെറ അടുത്തേക്ക് തിരിച്ചു ചെല്ലേണ്ടവരാണ്.''

وَجَعَلُوا۟ لَهُۥ مِنْ عِبَادِهِۦ جُزْءًا ۚ إِنَّ ٱلْإِنسَـٰنَ لَكَفُورٌ مُّبِينٌ ﴿١٥﴾ أَمِ
ٱتَّخَذَ مِمَّا يَخْلُقُ بَنَاتٍ وَأَصْفَىٰكُم بِٱلْبَنِينَ ﴿١٦﴾ وَإِذَا بُشِّرَ أَحَدُهُم بِمَا
ضَرَبَ لِلرَّحْمَـٰنِ مَثَلًا ظَلَّ وَجْهُهُۥ مُسْوَدًّا وَهُوَ كَظِيمٌ ﴿١٧﴾ أَوَمَن
يُنَشَّؤُا۟ فِى ٱلْحِلْيَةِ وَهُوَ فِى ٱلْخِصَامِ غَيْرُ مُبِينٍ ﴿١٨﴾

15. അവർ (ഈ ജനം) അവൻെറ അടിമകളിൽ ചിലരെ അവൻെറ ഭാഗമാക്കി (അഥവാ മക്കളാക്കി) വെച്ചിരിക്കുന്നു; തീർച്ചയായും മനുഷ്യൻ വ്യക്തമായി നന്ദികെട്ടവൻ തന്നെയാണ്.

16. അതല്ല,(അല്ലാഹു) താൻ സൃഷ്ടിക്കുന്നതിൽ പെൺമക്കളെ തനിക്കായി സ്വീകരിക്കുകയും ആൺമക്കളെ നിങ്ങൾക്ക് പ്രത്യേകം തരികയും ചെയ്തുവെന്നോ?

17. അവരിലൊരാൾക്ക് കരുണാവാരിധിയായ (അല്ലാഹുവോട്) അവർ ചേർത്തിപ്പറയുന്നതിനെ (പെൺ കുഞ്ഞിൻെറ ജനനത്തെ) ക്കുറിച്ച് ശുഭവാർത്ത

അറിയിച്ചാൽ അവൻെറ മുഖം കറുത്തിരുണ്ടതായിത്തീരുകയും അവൻ അത്യധി കം ദുഃഖിതനാവുകയും ചെയ്യുന്നു.

18. ആഭരണങ്ങളണിയിച്ച് വളർത്തപ്പെടുന്ന, തർക്കങ്ങളിൽ തൻെറ (ന്യായം) തെളിയിക്കാൻ കഴിവില്ലാത്ത ഒരാളാണോ (അല്ലാഹുവിന് സന്താനമായി കൽപിക്കപ്പെടുന്നത്?)

وَجَعَلُوا۟ ٱلْمَلَـٰٓئِكَةَ ٱلَّذِينَ هُمْ عِبَـٰدُ ٱلرَّحْمَـٰنِ إِنَـٰثًا ۚ أَشَهِدُوا۟
خَلْقَهُمْ ۚ سَتُكْتَبُ شَهَـٰدَتُهُمْ وَيُسْـَٔلُونَ ﴿١٩﴾ وَقَالُوا۟ لَوْ شَآءَ
ٱلرَّحْمَـٰنُ مَا عَبَدْنَـٰهُم ۗ مَّا لَهُم بِذَٰلِكَ مِنْ عِلْمٍ ۖ إِنْ هُمْ إِلَّا يَخْرُصُونَ
﴿٢٠﴾ أَمْ ءَاتَيْنَـٰهُمْ كِتَـٰبًا مِّن قَبْلِهِۦ فَهُم بِهِۦ مُسْتَمْسِكُونَ ﴿٢١﴾

19. പരമകാരുണികൻെറ (അല്ലഹുവിൻെറ) ദാസന്മാരായ മലക്കുകളെ (മാലാഖ മാരെ) ഇവർ സ്ത്രീകളായി വെച്ചിരിക്കുന്നു. അവരുടെ(മലക്കുകളുടെ) സൃഷ്ടിക്ക് ഇവർ സാക്ഷികളായിരുന്നോ? ഇവരുടെ സാക്ഷ്യം രേഖപ്പെടുത്തുന്നതും, (അതെ ക്കുറിച്ച്) ഇവർ ചോദ്യം ചെയ്യപ്പെടുന്നതുമാണ്.

20. അവർ പറയുന്നു: 'പരമകാരുണികൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങൾ അവരെ (മലക്കുകളെ) ആരാധിക്കുമായിരുന്നില്ല. അതെക്കുറിച്ച് അവർക്ക് ഒരറിവും ഇല്ല; അവർ ഊഹിച്ചു പറയുക മാത്രമാകുന്നു.

21. അതല്ല; നാം ഇവർക്ക് ഇതിനു മുമ്പ് വല്ല വേദഗ്രന്ഥവും കൊടുത്തിട്ടു ണ്ടോ? അങ്ങനെ അവരത് മുറുകെപ്പിടിക്കുകയും (ആണോ)?

بَلْ قَالُوٓا۟ إِنَّا وَجَدْنَآ ءَابَآءَنَا عَلَىٰٓ أُمَّةٍ وَإِنَّا عَلَىٰٓ ءَاثَـٰرِهِم مُّهْتَدُونَ ﴿٢٢﴾
وَكَذَٰلِكَ مَآ أَرْسَلْنَا مِن قَبْلِكَ فِى قَرْيَةٍ مِّن نَّذِيرٍ إِلَّا قَالَ مُتْرَفُوهَآ إِنَّا
وَجَدْنَآ ءَابَآءَنَا عَلَىٰٓ أُمَّةٍ وَإِنَّا عَلَىٰٓ ءَاثَـٰرِهِم مُّقْتَدُونَ ﴿٢٣﴾

22. അല്ല! അവർ പറയുന്നു: ഞങ്ങളുടെ പിതാക്കൾ ഒരു മാർഗത്തിൽ നില കൊള്ളുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു. തീർച്ചയായും ഞങ്ങൾ അവരുടെ പാത പിന്തുടർന്ന് നേർവഴിയിൽ നീങ്ങുകയാണ്.

23. ഇപ്രകാരം നാം നിനക്കുമുമ്പ് പല നാടുകളിലേക്കും മുന്നറിയിപ്പുകാരെ അയച്ച(പ്പോഴൊക്കെയും) അതിലെ സമ്പന്നർ പറയാതിരുന്നിട്ടില്ല. ''തീർച്ചയാ യും ഞങ്ങളുടെ പൂർവ പിതാക്കൾ ഒരു മാർഗമവലംബിക്കുന്നവരായി ഞങ്ങൾ കണ്ടു. തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളെ അനുഗമിക്കുന്നവ രാകുന്നു.''

۞ قَـٰلَ أَوَلَوْ جِئْتُكُم بِأَهْدَىٰ مِمَّا وَجَدتُّمْ عَلَيْهِ ءَابَآءَكُمْ ۖ
قَالُوٓا۟ إِنَّا بِمَآ أُرْسِلْتُم بِهِۦ كَـٰفِرُونَ ﴿٢٤﴾ فَٱنتَقَمْنَا مِنْهُمْ ۖ
فَٱنظُرْ كَيْفَ كَانَ عَـٰقِبَةُ ٱلْمُكَذِّبِينَ ﴿٢٥﴾

24. അവന്‍ (മുന്നറിയിപ്പുകാരന്‍) പറഞ്ഞു: ''നിങ്ങളുടെ പിതാക്കള്‍ പിന്തുടരുന്നതായി നിങ്ങള്‍ കണ്ട മാര്‍ഗത്തേക്കാള്‍ നല്ല മാര്‍ഗദര്‍ശനം നിങ്ങളില്‍ ഞാന്‍ കൊണ്ടുവന്നാലും (നിങ്ങള്‍ പിതാക്കളെതന്നെ അനുകരിക്കുമെന്നോ?)'' അവര്‍ പറഞ്ഞു: ''നിങ്ങള്‍ ഏതൊരു സന്ദേശവുമായി അയക്കപ്പെട്ടുവോ, അതിനെ തീര്‍ച്ചയായും ഞങ്ങള്‍ നിഷേധിക്കുന്നു.''
25. അതുകൊണ്ട് നാം അവരോട് പ്രതികാരം ചെയ്തു. അപ്പോള്‍ സത്യനിഷേധികളുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് നോക്കുക.

وَإِذْ قَالَ إِبْرَٰهِيمُ لِأَبِيهِ وَقَوْمِهِۦٓ إِنَّنِى بَرَآءٌ مِّمَّا تَعْبُدُونَ
﴿٢٦﴾ إِلَّا ٱلَّذِى فَطَرَنِى فَإِنَّهُۥ سَيَهْدِينِ ﴿٢٧﴾ وَجَعَلَهَا كَلِمَةًۢ بَاقِيَةً
فِى عَقِبِهِۦ لَعَلَّهُمْ يَرْجِعُونَ ﴿٢٨﴾ بَلْ مَتَّعْتُ هَٰٓؤُلَآءِ وَءَابَآءَهُمْ
حَتَّىٰ جَآءَهُمُ ٱلْحَقُّ وَرَسُولٌ مُّبِينٌ ﴿٢٩﴾

26. ഇബ്‌റാഹീം തന്‍റെ പിതാവിനോടും ജനതയോടും പറഞ്ഞ സന്ദര്‍ഭം: ''തീര്‍ച്ചയായും ഞാന്‍ നിങ്ങള്‍ വണങ്ങുന്ന (ദൈവങ്ങളി)ല്‍ നിന്നും വിട്ടുനില്‍ക്കുന്നവനാകുന്നു.''
27. എന്നെ സൃഷ്ടിച്ചവനില്‍നിന്നൊഴികെ. തീര്‍ച്ചയായും അവന്‍ എനിക്ക് വഴി കാട്ടുന്നതാണ്.
28. ഇതിനെ (ഇബ്‌റാഹീം തന്‍റെ)പിന്‍ഗാമികളില്‍ നിലനില്‍ക്കുന്ന ഒരു വചനമാക്കുകയും ചെയ്തു. അവര്‍ (സത്യത്തിലേക്കു) മടങ്ങേണ്ടതിനായി.
29. അല്ല, ഞാന്‍ അവര്‍ക്കും അവരുടെ പൂര്‍വികര്‍ക്കും ജീവിത വിഭവങ്ങള്‍ നല്‍കിക്കൊണ്ടിരുന്നു; സത്യസന്ദേശവും അത് വ്യക്തമായി വിവരിച്ചുകൊടുക്കുന്ന ദൈവദൂതനും അവര്‍ക്ക് വന്നെത്തും വരെ.

وَلَمَّا جَآءَهُمُ ٱلْحَقُّ قَالُوا۟ هَٰذَا سِحْرٌ وَإِنَّا بِهِۦ كَٰفِرُونَ
﴿٣٠﴾ وَقَالُوا۟ لَوْلَا نُزِّلَ هَٰذَا ٱلْقُرْءَانُ عَلَىٰ رَجُلٍ مِّنَ ٱلْقَرْيَتَيْنِ عَظِيمٍ
﴿٣١﴾ أَهُمْ يَقْسِمُونَ رَحْمَتَ رَبِّكَ ۚ نَحْنُ قَسَمْنَا بَيْنَهُم مَّعِيشَتَهُمْ
فِى ٱلْحَيَوٰةِ ٱلدُّنْيَا ۚ وَرَفَعْنَا بَعْضَهُمْ فَوْقَ بَعْضٍ دَرَجَٰتٍ لِّيَتَّخِذَ
بَعْضُهُم بَعْضًا سُخْرِيًّا ۗ وَرَحْمَتُ رَبِّكَ خَيْرٌ مِّمَّا يَجْمَعُونَ ﴿٣٢﴾

30. എന്നാല്‍ സത്യം അവരില്‍ വന്നപ്പോള്‍, അവര്‍ പറഞ്ഞു: ''ഇത് മാന്ത്രികമാണ്, ഇതിനെ തീര്‍ച്ചയായും ഞങ്ങള്‍ നിഷേധിക്കുന്നു.''
31. അവര്‍ ചോദിച്ചു: ''ഈ ഖുര്‍ആന്‍ ഈ രണ്ട് പട്ടണങ്ങളിലെ ഏതെങ്കിലും പ്രമുഖനായ ഒരാള്‍ക്ക് ഇറക്കപ്പെടാത്തത് എന്ത്?
32. അവരാണോ നിന്‍റെ രക്ഷിതാവിന്‍റെ അനുഗ്രഹം വീതംവെച്ചുകൊടുക്കുന്നത്? ഐഹിക ജീവിതത്തില്‍ അവരുടെ ഉപജീവനത്തെ അവരുടെ ഇടയില്‍ വീതിച്ചുകൊടുക്കുന്നത് നാം തന്നെയാണ്. അവരില്‍ ചിലരെ (മറ്റു) ചിലര്‍ക്കു മീതെ പദവികളില്‍ നാം ഉയര്‍ത്തി. അവരില്‍ ചിലര്‍ (മറ്റു) ചിലരെ

വിധേയരാക്കി എടുക്കുന്നതിനുവേണ്ടി. നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം അവര്‍ ശേഖരിച്ചുവെക്കുന്നതിനേക്കാളെല്ലാം ഏറ്റം നല്ലതത്രെ.

وَلَوْلَآ أَن يَكُونَ ٱلنَّاسُ أُمَّةً وَٰحِدَةً لَّجَعَلْنَا لِمَن يَكْفُرُ بِٱلرَّحْمَٰنِ
لِبُيُوتِهِمْ سُقُفًا مِّن فِضَّةٍ وَمَعَارِجَ عَلَيْهَا يَظْهَرُونَ ﴿٣٣﴾ وَلِبُيُوتِهِمْ
أَبْوَٰبًا وَسُرُرًا عَلَيْهَا يَتَّكِـُٔونَ ﴿٣٤﴾ وَزُخْرُفًا ۚ وَإِن كُلُّ ذَٰلِكَ لَمَّا
مَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۚ وَٱلْءَاخِرَةُ عِندَ رَبِّكَ لِلْمُتَّقِينَ ﴿٣٥﴾

33. മനുഷ്യര്‍ (എല്ലാം സത്യനിഷേധികളായ) ഒരൊറ്റ സമുദായം ആയിത്തീരുകയില്ലായിരുന്നുവെങ്കില്‍, പരമകാരുണികനില്‍ അവിശ്വസിക്കുന്നവര്‍ക്കായി, അവരുടെ വീടുകള്‍ക്ക് വെള്ളികൊണ്ടുള്ള മേല്‍പ്പുരകളും അവര്‍ക്ക് കയറിപ്പോകുവാന്‍ (വെള്ളികൊണ്ടുള്ള) കോണികളും നാം ഉണ്ടാക്കിക്കൊടുക്കുമായിരുന്നു.
34. അവരുടെ വീടുകള്‍ക്ക് (വെള്ളികൊണ്ടുള്ള) വാതിലുകളും അവര്‍ക്ക് ചാരിയിരിക്കാനുള്ള (വെള്ളികൊണ്ടുള്ള) കട്ടിലുകളും നല്‍കുമായിരുന്നു.
35. സ്വര്‍ണത്താലുള്ള അലങ്കാരങ്ങളും. എന്നാല്‍ ഇതെല്ലാം ഐഹിക ജീവിതത്തിലെ വിഭവങ്ങളാകുന്നു. പരലോകം നിന്റെ രക്ഷിതാവിന്റെ അടുക്കല്‍ സൂക്ഷ്മത പാലിക്കുന്നവര്‍ക്കുള്ളതാകുന്നു.

وَمَن يَعْشُ عَن ذِكْرِ ٱلرَّحْمَٰنِ نُقَيِّضْ لَهُۥ شَيْطَٰنًا فَهُوَ
لَهُۥ قَرِينٌ ﴿٣٦﴾ وَإِنَّهُمْ لَيَصُدُّونَهُمْ عَنِ ٱلسَّبِيلِ وَيَحْسَبُونَ أَنَّهُم
مُّهْتَدُونَ ﴿٣٧﴾ حَتَّىٰٓ إِذَا جَآءَنَا قَالَ يَٰلَيْتَ بَيْنِى وَبَيْنَكَ بُعْدَ ٱلْمَشْرِقَيْنِ
فَبِئْسَ ٱلْقَرِينُ ﴿٣٨﴾ وَلَن يَنفَعَكُمُ ٱلْيَوْمَ إِذ ظَّلَمْتُمْ أَنَّكُمْ فِى
ٱلْعَذَابِ مُشْتَرِكُونَ ﴿٣٩﴾

36. പരമകാരുണികന്റെ ഉല്‍ബോധനത്തോട് അന്ധത നടിക്കുന്നവന്ന് നാം ഒരു പിശാചിനെ ഏര്‍പ്പെടുത്തും. അങ്ങനെ ആ പിശാച് അവന്റെ ചങ്ങാതിയായിത്തീരും.
37. തീര്‍ച്ചയായും അവര്‍ (പിശാചുക്കള്‍) അവരെ നേര്‍വഴിയില്‍ നിന്ന് തടയും. അതോടൊപ്പം തങ്ങള്‍ നേര്‍വഴിയില്‍ തന്നെയാണെന്ന് അവര്‍ വിചാരിക്കുകയും ചെയ്യും.
38. ഒടുവില്‍ നമ്മുടെയടുത്ത് വന്നെത്തുമ്പോള്‍ (തന്റെ കൂട്ടാളിയായ പിശാചിനോട്) അവന്‍ പറയും: എനിക്കും നിനക്കുമിടയില്‍ ഉദയാസ്തമയ സ്ഥാനങ്ങള്‍ തമ്മിലുള്ള അകലം ഉണ്ടായിരുന്നെങ്കില്‍! നീയെത്ര ചീത്ത കൂട്ടുകാരന്‍.
39. നിങ്ങള്‍ അക്രമം പ്രവര്‍ത്തിച്ചിരിക്കെ, എല്ലാവരും ശിക്ഷയില്‍ പങ്കാളികളാകുന്നു എന്ന കാര്യം ഇന്ന് നിങ്ങള്‍ക്ക് പ്രയോജനപ്പെടുകയില്ല.

أَفَأَنتَ تُسْمِعُ ٱلصُّمَّ أَوْ تَهْدِى ٱلْعُمْىَ وَمَن كَانَ فِى ضَلَـٰلٍ مُّبِينٍ ﴿٤٠﴾ فَإِمَّا
نَذْهَبَنَّ بِكَ فَإِنَّا مِنْهُم مُّنتَقِمُونَ ﴿٤١﴾ أَوْ نُرِيَنَّكَ ٱلَّذِى وَعَدْنَـٰهُمْ فَإِنَّا
عَلَيْهِم مُّقْتَدِرُونَ ﴿٤٢﴾ فَٱسْتَمْسِكْ بِٱلَّذِىٓ أُوحِىَ إِلَيْكَ ۖ إِنَّكَ عَلَىٰ صِرَٰطٍ
مُّسْتَقِيمٍ ﴿٤٣﴾ وَإِنَّهُۥ لَذِكْرٌ لَّكَ وَلِقَوْمِكَ ۖ وَسَوْفَ تُسْـَٔلُونَ ﴿٤٤﴾

40. നിനക്ക് ബധിരന്മാരെ കേൾപ്പിക്കാനും കണ്ണില്ലാത്തവരെയും വ്യക്തമായ വഴികേടിലായവരെയും നേർവഴിയിലാക്കാനും നിനക്ക് കഴിയുമോ?
41. നിന്നെ നാം കൊണ്ടുപോകുകയാണെങ്കിൽ (തന്നെ) തീർച്ചയായും നാം അവരോട് (അപ്പോഴും) പ്രതിക്രിയ ചെയ്യുന്നതാണ്.
42. അല്ലെങ്കിൽ നാമവർക്ക് താക്കീതു നൽകിയ (ശിക്ഷ) നിനക്കു നാം കാണിച്ചു തന്നേക്കാം. തീർച്ചയായും അവരുടെ മേൽ നാം ശക്തിയുറ്റവൻ തന്നെയാണ്.
43. അതിനാൽ നിനക്ക് നാം ബോധനം നൽകിയത് (ഖുർആൻ) മുറുകെപ്പിടിക്കുക. തീർച്ചയായും നീ നേർവഴിയിലാണ്.
44. തീർച്ചയായും ഈ (ഖുർആൻ) നിനക്കും നിന്റെ ജനതക്കും ഒരു ഉദ്ബോധനം തന്നെയാണ്. വഴിയെ നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതുമാണ്.

وَسْـَٔلْ مَنْ أَرْسَلْنَا مِن قَبْلِكَ مِن رُّسُلِنَآ أَجَعَلْنَا مِن دُونِ ٱلرَّحْمَـٰنِ ءَالِهَةً
يُعْبَدُونَ ﴿٤٥﴾ وَلَقَدْ أَرْسَلْنَا مُوسَىٰ بِـَٔايَـٰتِنَآ إِلَىٰ فِرْعَوْنَ وَمَلَإِي۟هِۦ
فَقَالَ إِنِّى رَسُولُ رَبِّ ٱلْعَـٰلَمِينَ ﴿٤٦﴾ فَلَمَّا جَآءَهُم بِـَٔايَـٰتِنَآ
إِذَا هُم مِّنْهَا يَضْحَكُونَ ﴿٤٧﴾ وَمَا نُرِيهِم مِّنْ ءَايَةٍ إِلَّا هِىَ أَكْبَرُ
مِنْ أُخْتِهَا ۖ وَأَخَذْنَـٰهُم بِٱلْعَذَابِ لَعَلَّهُمْ يَرْجِعُونَ ﴿٤٨﴾

45. നിനക്ക് മുമ്പ് നമ്മുടെ ദൂതന്മാരായി നാം അയച്ചവരോട് ചോദിച്ചു നോക്കുക: പരമകാരുണികനെക്കൂടാതെ, ആരാധിക്കപ്പെടുന്ന വല്ല ദൈവങ്ങളെയും നാം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന്?
46. മൂസായെ നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫിർഔന്റെയും അവന്റെ പ്രധാനികളുടെയും അടുത്തേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: നിശ്ചയമായും ഞാൻ (സർവ്വ) ലോകരക്ഷിതാവിന്റെ ദൂതനാകുന്നു.
47. അങ്ങനെ അദ്ദേഹം നമ്മുടെ ദൃഷ്ടാന്തങ്ങളുമായി അവരിൽ ചെന്നപ്പോൾ അവരതാ അവയെപ്പറ്റി ചിരിക്കുന്നു (പരിഹസിക്കുന്നു).

وَمَا نُرِيهِم مِّنْ ءَايَةٍ إِلَّا هِىَ أَكْبَرُ مِنْ أُخْتِهَا ۖ
وَأَخَذْنَـٰهُم بِٱلْعَذَابِ لَعَلَّهُمْ يَرْجِعُونَ ﴿٤٨﴾

48. അവർക്കു നാം തെളിവുകൾ ഓരോന്നോരോന്നായി കാണിച്ചുകൊടുത്തു. അവയോരോന്നും അതിന്റെ ഇണയെക്കാൾ (മുമ്പത്തേതിനെക്കാൾ) മഹത്തരമാ

യിരുന്നു. ശിക്ഷയാൽ അവരെ നാം പിടികൂടുകയും ചെയ്തു. അവർ (തിന്മ വിട്ട്) മടങ്ങുന്നതിനുവേണ്ടി.

وَقَالُوا۟ يَـٰٓأَيُّهَ ٱلسَّاحِرُ ٱدْعُ لَنَا رَبَّكَ بِمَا عَهِدَ عِندَكَ إِنَّنَا لَمُهْتَدُونَ ﴿٤٩﴾
فَلَمَّا كَشَفْنَا عَنْهُمُ ٱلْعَذَابَ إِذَا هُمْ يَنكُثُونَ ﴿٥٠﴾ وَنَادَىٰ فِرْعَوْنُ فِى
قَوْمِهِۦ قَالَ يَـٰقَوْمِ أَلَيْسَ لِى مُلْكُ مِصْرَ وَهَـٰذِهِ ٱلْأَنْهَـٰرُ تَجْرِى مِن تَحْتِىٓ ۖ
أَفَلَا تُبْصِرُونَ ﴿٥١﴾ أَمْ أَنَا۠ خَيْرٌ مِّنْ هَـٰذَا ٱلَّذِى هُوَ مَهِينٌ وَلَا يَكَادُ يُبِينُ
﴿٥٢﴾ فَلَوْلَآ أُلْقِىَ عَلَيْهِ أَسْوِرَةٌ مِّن ذَهَبٍ أَوْ جَآءَ مَعَهُ ٱلْمَلَـٰٓئِكَةُ مُقْتَرِنِينَ
﴿٥٣﴾ فَٱسْتَخَفَّ قَوْمَهُۥ فَأَطَاعُوهُ ۚ إِنَّهُمْ كَانُوا۟ قَوْمًا فَـٰسِقِينَ ﴿٥٤﴾

49. അവർ പറഞ്ഞു: ''അല്ലയോ ജാലവിദ്യക്കാരാ, നീയുമായി നിന്റെ രക്ഷിതാവുണ്ടാക്കിയ കരാറനുസരിച്ച് നീ നിന്റെ നാഥനോട് ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കുക. നിശ്ചയമായും ഞങ്ങൾ സന്മാർഗത്തിലേക്ക് വന്നുകൊള്ളാം.

50. എന്നാൽ അവരിൽ നിന്നും (ആ) ശിക്ഷ നാം നീക്കിയപ്പോൾ അവർ (വാക്ക്) ലംഘിച്ചു.

51. ഫിർഔൻ തന്റെ ജനത്തിൽ വിളംബരം ചെയ്തു; അവൻ പറഞ്ഞു: ''എന്റെ ജനങ്ങളേ, ഈജിപ്തിന്റെ ആധിപത്യം എനിക്കല്ലേ? ഈ നദികളൊഴുകുന്നത് എന്റെ കീഴിലല്ലയോ? അപ്പോൾ നിങ്ങൾ കണ്ടറിയുന്നില്ലേ?

52. അല്ല, നന്നെ നിസ്സാരനും വ്യക്തമായി സംസാരിക്കാൻപോലും കഴിയാത്തവനുമായ ഇവനേക്കാളുത്തമൻ ഞാൻ തന്നെയല്ലേ?

53. അപ്പോൾ, ഇവന്റെ മേൽ സ്വർണവളകൾ അണിയിക്കപ്പെടുകയോ ഇവനോടൊത്ത് അകമ്പടിയായി മലക്കുകൾ വരികയോ ചെയ്യാത്തതെന്ത്?

54. അങ്ങനെ അവൻ തന്റെ ജനങ്ങളെ വിഡ്ഢികളാക്കി. അതിനാൽ അവർ അവനെ അനുസരിച്ചു. തീർച്ചയായും അവർ അധർമ്മകാരികളായ ഒരു ജനതയായിരുന്നു.

فَلَمَّآ ءَاسَفُونَا ٱنتَقَمْنَا مِنْهُمْ فَأَغْرَقْنَـٰهُمْ أَجْمَعِينَ ﴿٥٥﴾ فَجَعَلْنَـٰهُمْ سَلَفًا
وَمَثَلًا لِّلْـَٔاخِرِينَ ﴿٥٦﴾

55. അങ്ങനെ അവർ നമ്മെ പ്രകോപിപ്പിച്ചപ്പോൾ, അവരോട് നാം പ്രതിക്രിയ ചെയ്തു. അവരെ മുഴുവൻ നാം മുക്കി നശിപ്പിച്ചു.

فَجَعَلْنَـٰهُمْ سَلَفًا وَمَثَلًا لِّلْـَٔاخِرِينَ ﴿٥٦﴾

56. അങ്ങനെ അവരെ നാം പിൻഗാമികൾക്കൊരു മാതൃകയും, ഉപമയും ആക്കി.

۞ وَلَمَّا ضُرِبَ ٱبْنُ مَرْيَمَ مَثَلًا إِذَا قَوْمُكَ مِنْهُ يَصِدُّونَ ﴿٥٧﴾
وَقَالُوٓا۟ ءَأَٰلِهَتُنَا خَيْرٌ أَمْ هُوَ ۚ مَا ضَرَبُوهُ لَكَ إِلَّا جَدَلًۢا ۚ بَلْ هُمْ قَوْمٌ
خَصِمُونَ ﴿٥٨﴾ إِنْ هُوَ إِلَّا عَبْدٌ أَنْعَمْنَا عَلَيْهِ وَجَعَلْنَٰهُ مَثَلًا لِّبَنِىٓ
إِسْرَٰٓءِيلَ ﴿٥٩﴾ وَلَوْ نَشَآءُ لَجَعَلْنَا مِنكُم مَّلَٰٓئِكَةً فِى ٱلْأَرْضِ يَخْلُفُونَ
﴿٦٠﴾ وَإِنَّهُۥ لَعِلْمٌ لِّلسَّاعَةِ فَلَا تَمْتَرُنَّ بِهَا وَٱتَّبِعُونِ ۚ هَٰذَا صِرَٰطٌ
مُّسْتَقِيمٌ ﴿٦١﴾ وَلَا يَصُدَّنَّكُمُ ٱلشَّيْطَٰنُ ۖ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿٦٢﴾

57. മര്‍യമിന്‍റെ മകന്‍ ഒരു ഉദാഹരണമായി എടുത്തു കാണിക്കപ്പെട്ടപ്പോള്‍ നിന്‍റെ ജനതയിതാ അതിന്‍റെ പേരില്‍ ഒച്ചവെക്കുന്നു.

58. അവര്‍ ചോദിക്കുന്നു: ഞങ്ങളുടെ ആരാധ്യന്മാരാണോ ഉത്തമം, അതല്ല ഇവനോ? അവര്‍ നിന്നോട് ഇതെടുത്ത് പറയുന്നത് തര്‍ക്കത്തിനുവേണ്ടി മാത്രമാണ്. അല്ല! കുതര്‍ക്കക്കാരായ ഒരു ജനതയാണ് അവര്‍.

59. അദ്ദേഹം നമ്മുടെ ഒരു ദാസന്‍ മാത്രമാണ്. അദ്ദേഹത്തിന് നാം അനുഗ്രഹം നല്‍കുകയും അദ്ദേഹത്തെ ഇസ്രായീല്‍ സന്തതികള്‍ക്ക് നാം ഒരു മാതൃകയാക്കുകയും ചെയ്തു.

60. നാം ഉദ്ദേശിച്ചിരുന്നെങ്കില്‍ നിങ്ങള്‍ക്ക് പകരം നിങ്ങളില്‍ നിന്നുതന്നെ മലക്കുകളെ ഭൂമിയില്‍ പ്രതിനിധികളാക്കുമായിരുന്നു.

61. അദ്ദേഹം അന്ത്യസമയത്തിനുള്ള ഒരു അറിയിപ്പും (അഥവാ അടയാളവും) ആകുന്നു. ആകയാല്‍ നിങ്ങള്‍ അതിനെപ്പറ്റി സംശയിക്കുകതന്നെ വേണ്ട. നിങ്ങളെന്നെ പിന്‍പറ്റുക. ഇതാകുന്നു നേരായ പാത.

62. പിശാച് (അതില്‍ നിന്ന്) നിങ്ങളെ തടയാതിരിക്കട്ടെ. തീര്‍ച്ചയായും അവന്‍ നിങ്ങള്‍ക്ക് പ്രത്യക്ഷ ശത്രുവാകുന്നു.

وَلَمَّا جَآءَ عِيسَىٰ بِٱلْبَيِّنَٰتِ قَالَ قَدْ جِئْتُكُم بِٱلْحِكْمَةِ وَلِأُبَيِّنَ لَكُم بَعْضَ
ٱلَّذِى تَخْتَلِفُونَ فِيهِ ۖ فَٱتَّقُوا۟ ٱللَّهَ وَأَطِيعُونِ ﴿٦٣﴾ إِنَّ ٱللَّهَ هُوَ رَبِّى وَرَبُّكُمْ
فَٱعْبُدُوهُ ۚ هَٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٦٤﴾ فَٱخْتَلَفَ ٱلْأَحْزَابُ مِنۢ بَيْنِهِمْ ۖ فَوَيْلٌ
لِّلَّذِينَ ظَلَمُوا۟ مِنْ عَذَابِ يَوْمٍ أَلِيمٍ ﴿٦٥﴾ هَلْ يَنظُرُونَ إِلَّا ٱلسَّاعَةَ أَن
تَأْتِيَهُم بَغْتَةً وَهُمْ لَا يَشْعُرُونَ ﴿٦٦﴾

63. വ്യക്തമായ തെളിവുകളുമായി ഈസാ വന്നപ്പോള്‍ അദ്ദേഹം പറഞ്ഞു: തീര്‍ച്ചയായും ഞാന്‍ നിങ്ങള്‍ക്ക് വിജ്ഞാനവും കൊണ്ടുവന്നിരിക്കുന്നു. നിങ്ങള്‍ക്കിടയില്‍ അഭിപ്രായവ്യത്യാസമുള്ള ചിലത് ഞാന്‍ നിങ്ങള്‍ക്ക് വിവരിച്ചു തരാന്‍ വേണ്ടിയും. അതിനാല്‍ നിങ്ങള്‍ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിന്‍.

64. തീർച്ചയായും അല്ലാഹുതന്നെയാണ്‌ എൻെറ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും. അവന്‌ മാത്രം ഇബാദത്തു ചെയ്യുവിൻ (ആരാധിക്കുവിൻ). ഇതാണ്‌ നേരായ മാർഗം.

65. (വ്യക്തമായ ഈ പാഠങ്ങൾ നൽകപ്പെട്ടിട്ടും) അവർക്കിടയിലുള്ള കക്ഷികൾ ഭിന്നിച്ചു. അതിനാൽ അക്രമം പ്രവർത്തിച്ചവർക്ക്‌ വേദനയേറിയ ഒരു ദിവസത്തെ ശിക്ഷയാൽ മഹാനാശമുണ്ട്‌.

66. അവർ ഓർക്കാതിരിക്കെ പെട്ടെന്ന്‌ വന്നെത്തുന്ന അന്ത്യദിനമല്ലാതെ മറ്റെന്താണ്‌ അവർക്ക്‌ പ്രതീക്ഷിക്കാനുള്ളത്‌?

ٱلْأَخِلَّآءُ يَوْمَئِذٍۭ بَعْضُهُمْ لِبَعْضٍ عَدُوٌّ إِلَّا ٱلْمُتَّقِينَ ﴿٦٧﴾ يَـٰعِبَادِ لَا خَوْفٌ
عَلَيْكُمُ ٱلْيَوْمَ وَلَآ أَنتُمْ تَحْزَنُونَ ﴿٦٨﴾ ٱلَّذِينَ ءَامَنُوا۟ بِـَٔايَـٰتِنَا وَكَانُوا۟
مُسْلِمِينَ ﴿٦٩﴾ ٱدْخُلُوا۟ ٱلْجَنَّةَ أَنتُمْ وَأَزْوَٰجُكُمْ تُحْبَرُونَ ﴿٧٠﴾ يُطَافُ
عَلَيْهِم بِصِحَافٍ مِّن ذَهَبٍ وَأَكْوَابٍ ۖ وَفِيهَا مَا تَشْتَهِيهِ ٱلْأَنفُسُ وَتَلَذُّ
ٱلْأَعْيُنُ ۖ وَأَنتُمْ فِيهَا خَـٰلِدُونَ ﴿٧١﴾

67. അന്നത്തെ ദിവസം കൂട്ടുകാരൊക്കെയും പരസ്പരം ശത്രുക്കളായി മാറും. സൂക്ഷ്മത പാലിക്കുന്നവരൊഴികെ.

68. എൻെറ ദാസന്മാരേ, ഇന്ന്‌ നിങ്ങളൊട്ടും ഭയപ്പെടേണ്ടതില്ല, നിങ്ങൾ ദുഃഖിക്കേണ്ടതുമില്ല.

69. നമ്മുടെ വചനങ്ങളിൽ വിശ്വസിക്കുകയും (മുസ്‌ലിമായി)അനുസരണത്തെ കൈക്കൊണ്ടിരിക്കുകയും ചെയ്തവരത്രെ (നിങ്ങൾ).

70. നിങ്ങളും നിങ്ങളുടെ ഇണകളും സന്തോഷപൂർവം സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക.

71. സ്വർണത്തിൻെറ തളികകളും പാനപാത്രങ്ങളും അവർക്കു ചുറ്റും കൊണ്ടു നടക്കപ്പെടും. മനസ്സുകൾ മോഹിക്കുന്നതും കണ്ണുകൾക്ക്‌ ആനന്ദകരമായതുമൊക്കെ അവിടെ ഉണ്ടായിരിക്കും. നിങ്ങൾ അവിടെ നിത്യവാസികളായിരിക്കുകയും ചെയ്യും.

وَتِلْكَ ٱلْجَنَّةُ ٱلَّتِىٓ أُورِثْتُمُوهَا بِمَا كُنتُمْ تَعْمَلُونَ ﴿٧٢﴾ لَكُمْ فِيهَا فَـٰكِهَةٌ
كَثِيرَةٌ مِّنْهَا تَأْكُلُونَ ﴿٧٣﴾ إِنَّ ٱلْمُجْرِمِينَ فِى عَذَابِ جَهَنَّمَ خَـٰلِدُونَ
﴿٧٤﴾ لَا يُفَتَّرُ عَنْهُمْ وَهُمْ فِيهِ مُبْلِسُونَ ﴿٧٥﴾ وَمَا ظَلَمْنَـٰهُمْ وَلَـٰكِن
كَانُوا۟ هُمُ ٱلظَّـٰلِمِينَ ﴿٧٦﴾

72. നിങ്ങൾ പ്രവർത്തിച്ചിരുന്നതിൻെറ ഫലമായി നിങ്ങൾക്ക്‌ ഉടമപ്പെടുത്തി തന്നതത്രെ ആ സ്വർഗം.

73. നിങ്ങൾക്കതിൽ ധാരാളം പഴങ്ങളുണ്ട്‌. അതിൽനിന്ന്‌ നിങ്ങൾക്ക്‌ ഭക്ഷിക്കാം.

74. തീർച്ചയായും കുറ്റവാളികൾ നരകശിക്ഷയിൽ നിത്യവാസികളായിരിക്കും.

75. അവർക്ക് (ശിക്ഷയുടെ കാഠിന്യം) കുറക്കപ്പെടുകയില്ല. അവർ അതിൽ നിരാശാമൂകരായിരിക്കും.
76. നാം അവരോട് അക്രമം ചെയ്തിട്ടില്ല. പക്ഷേ, അവർ തന്നെയായിരുന്നു അക്രമികൾ.

وَنَادَوْا۟ يَٰمَٰلِكُ لِيَقْضِ عَلَيْنَا رَبُّكَ ۖ قَالَ إِنَّكُم مَّٰكِثُونَ
﴿٧٧﴾ لَقَدْ جِئْنَٰكُم بِٱلْحَقِّ وَلَٰكِنَّ أَكْثَرَكُمْ لِلْحَقِّ
كَٰرِهُونَ ﴿٧٨﴾ أَمْ أَبْرَمُوٓا۟ أَمْرًا فَإِنَّا مُبْرِمُونَ ﴿٧٩﴾

77. അവർ വിളിച്ചു പറയും: ഓ മാലിക്! (നരകത്തിന്റെ മേധാവിയായ മാലാഖ) താങ്കളുടെ രക്ഷിതാവ് ഞങ്ങളുടെ മേൽ (മരണം) വിധിക്കട്ടെ. അദ്ദേഹം (മാലിക്) പറയും: നിങ്ങൾ (ഇവിടെ)താമസിക്കേണ്ടവർ തന്നെയാകുന്നു.
78. തീർച്ചയായും ഞങ്ങൾ നിങ്ങൾക്ക് സത്യം എത്തിച്ചുതന്നിട്ടുണ്ടായിരുന്നു. എന്നാൽ നിങ്ങളിൽ അധികപേരും സത്യത്തെ വെറുക്കുന്നവരായിരുന്നു.
79. അതല്ല, അവർ (നമുക്കെതിരിൽ) വല്ല കാര്യവും (പരിപാടിയും) ഉറപ്പിച്ചുവെച്ചിരിക്കുന്നുവോ? നിശ്ചയമായും നാമും(ചിലതു) ഉറപ്പിച്ചുവെച്ചവനാകുന്നു.

أَمْ يَحْسَبُونَ أَنَّا لَا نَسْمَعُ سِرَّهُمْ وَنَجْوَىٰهُم ۚ بَلَىٰ وَرُسُلُنَا لَدَيْهِمْ يَكْتُبُونَ
﴿٨٠﴾ قُلْ إِن كَانَ لِلرَّحْمَٰنِ وَلَدٌ فَأَنَا۠ أَوَّلُ ٱلْعَٰبِدِينَ ﴿٨١﴾ سُبْحَٰنَ رَبِّ
ٱلسَّمَٰوَٰتِ وَٱلْأَرْضِ رَبِّ ٱلْعَرْشِ عَمَّا يَصِفُونَ ﴿٨٢﴾ فَذَرْهُمْ يَخُوضُوا۟
وَيَلْعَبُوا۟ حَتَّىٰ يُلَٰقُوا۟ يَوْمَهُمُ ٱلَّذِى يُوعَدُونَ ﴿٨٣﴾ وَهُوَ ٱلَّذِى فِى ٱلسَّمَآءِ
إِلَٰهٌ وَفِى ٱلْأَرْضِ إِلَٰهٌ ۚ وَهُوَ ٱلْحَكِيمُ ٱلْعَلِيمُ ﴿٨٤﴾

80. അതല്ല, അവരുടെ രഹസ്യവും ഗൂഢാലോചനയും നാം കേൾക്കുന്നില്ല എന്ന് അവർ വിചാരിക്കുന്നുണ്ടോ? അതെ, നമ്മുടെ ദൂതന്മാർ (മാലാഖമാർ) അവരുടെ അടുത്തു (തന്നെ) എഴുതിക്കൊണ്ടിരിക്കുന്നുണ്ട്.
81. പറയുക; പരമകാരുണികന് ഒരു പുത്രനുണ്ടായിരുന്നെങ്കിൽ അവനെ ആരാധിക്കുന്നവരിൽ ഒന്നാമൻ ഞാനാകുമായിരുന്നു.
82. എന്നാൽ ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ്, സിംഹാസനത്തിന്റെ നാഥൻ അവർ പറഞ്ഞുപരത്തുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനത്രെ.
83. അതിനാൽ നീ അവരെ വിട്ടേക്കുക. അവർക്ക് താക്കീതു നൽകപ്പെടുന്ന അവരുടെ ആ ദിവസം അവർ കണ്ടുമുട്ടുന്നതുവരെ അവർ അസംബന്ധങ്ങൾ പറയുകയും കളിതമാശയിൽ ഏർപ്പെടുകയും ചെയ്തുകൊള്ളട്ടെ.
84. ആകാശത്തിലെ ദൈവവും ഭൂമിയിലെ ദൈവവും (ഏകനായ) അവനത്രെ. അവൻ തന്നെയാണ് യുക്തിമാനും എല്ലാം അറിയുന്നവനും.

وَتَبَارَكَ ٱلَّذِى لَهُۥ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا وَعِندَهُۥ عِلْمُ
ٱلسَّاعَةِ وَإِلَيْهِ تُرْجَعُونَ ﴿٨٥﴾ وَلَا يَمْلِكُ ٱلَّذِينَ يَدْعُونَ مِن دُونِهِ ٱلشَّفَـٰعَةَ
إِلَّا مَن شَهِدَ بِٱلْحَقِّ وَهُمْ يَعْلَمُونَ ﴿٨٦﴾ وَلَئِن سَأَلْتَهُم مَّنْ خَلَقَهُمْ لَيَقُولُنَّ
ٱللَّهُ ۖ فَأَنَّىٰ يُؤْفَكُونَ ﴿٨٧﴾ وَقِيلِهِۦ يَـٰرَبِّ إِنَّ هَـٰٓؤُلَآءِ قَوْمٌ لَّا يُؤْمِنُونَ ﴿٨٨﴾
فَٱصْفَحْ عَنْهُمْ وَقُلْ سَلَـٰمٌ ۚ فَسَوْفَ يَعْلَمُونَ ﴿٨٩﴾

85. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും ആധിപത്യം ഏതൊരുവനാണോ അവന്‍ (അല്ലാഹു) അനുഗ്രഹപൂര്‍ണനാണ്‌. (അന്ത്യ) നാഴികയുടെ അറിവ്‌ അവന്റെ പക്കലാണ്‌. അവങ്കലേക്ക്‌ നിങ്ങള്‍ മടക്കപ്പെടുകയും ചെയ്യും.
86. അവനെക്കൂടാതെ ഇക്കൂട്ടര്‍ വിളിച്ചു (പ്രാര്‍ഥിച്ചു) കൊണ്ടിരിക്കുന്നവര്‍ക്ക്‌ ശുപാര്‍ശ ചെയ്യുവാന്‍ അധികാരം ഉണ്ടാകുന്നതല്ല. അറിഞ്ഞുകൊണ്ടുതന്നെ സത്യത്തിന്‌ സാക്ഷ്യം വഹിച്ചവരൊഴികെ.
87. ആരാണ്‌ അവരെ സൃഷ്ടിച്ചതെന്ന്‌ നീ അവരോട്‌ ചോദിച്ചാല്‍ തീര്‍ച്ചയായും അവര്‍ പറയും, അല്ലാഹുവെന്ന്‌. എന്നിട്ടും എങ്ങനെയാണ്‌ അവര്‍ (സത്യത്തില്‍ നിന്ന്‌)തെറ്റിക്കപ്പെടുന്നത്‌?
88. 'എന്റെ രക്ഷിതാവേ! തീര്‍ച്ചയായും ഇക്കൂട്ടര്‍ വിശ്വസിക്കാത്ത ഒരു ജനതയാകുന്നു' എന്ന്‌ അദ്ദേഹം (പ്രവാചകന്‍) പറയുന്നതും (അല്ലാഹു അറിയും).
89. അതുകൊണ്ട്‌ അവരില്‍നിന്നും തിരിഞ്ഞു മാറുക; സലാം (സമാധാനം) എന്ന്‌ പറയുകയും ചെയ്യുക. അവര്‍ വഴിയെ അറിഞ്ഞുകൊള്ളും.